# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2386 | 19.03.2015-ൽ മറുപടിക്ക്

## ജീവിത ശൈലി രോഗങ്ങൾ

### ചോദ്യം

ശ്രീ. എം. എ. വാഹീദ് :
,, സി. പി. മുഹമ്മദ് :
,, അൻവർ സാദത്ത് :
,, ടി. എൻ. പ്രതാപൻ :

(എ) സംസ്ഥാനത്ത് പ്രമേഹം, ക്യാൻസർ രോഗങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതശൈലി രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

### മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രജിസ്ട്രി നിലവിൽ ഇല്ലെങ്കിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ കണക്ക് പ്രകാരം പ്രതിവർഷം 50,000 പുതിയ ക്യാൻസർ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) ജീവിത ശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

ഇതിനോടൊപ്പം തന്നെ ക്യാൻസർ കെയർ പദ്ധതി, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ്, വിദ്യാലയ ജീവിത ശൈലീരോഗ വിദ്യാഭ്യാസ പരിപാടി (എൽ.ഇ.എ.പി), യോഗ പരിശീലനം, സ്കൂളുകളിലും തൊഴിൽ മേഖലയിലും തൊഴിൽ മേഖലയിലെ ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ, മദ്യം, പുകയില ഉപയോഗത്തിനെതിരെയുള്ള കർമ്മ പദ്ധതികൾ എന്നിവ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ